# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 12.09.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ന്യൂഡൽഹിയിൽ നടക്കുന്ന സിവിൽ വ്യോമയാനം സംബന്ധിച്ച രണ്ടാമത്തെ ഏഷ്യാ-പസഫിക് മന്ത്രിതല സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് പങ്കെടുക്കും.

   **Prime Minister Narendra Modi will attend the second Asia-Pacific Ministerial Conference on Civil Aviation in New Delhi today.**

2. രണ്ട് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ ഇന്ന് സ്വിറ്റ്സർലൻഡിലെത്തും.

   **External Affairs Minister S Jai Shankar will arrive in Switzerland today for a two-day official visit.**

3. ആയുഷ്മാൻ ഭാരത് പി എം ജൻ ആരോഗ്യ യോജനയ്ക്ക് കീഴിൽ 70 വയസിന് മേൽ പ്രായമുള്ള എല്ലാവർക്കും അഞ്ച് ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം.

   **Union Cabinet approves Rs 5 lakh health insurance cover for all above 70 years of age under Ayushman Bharat PM Jan Arogya Yojana.**

4. പ്രധാനമന്ത്രി ഗ്രാം സടക് യോജന നാലാംഘട്ട നടത്തിപ്പിനുള്ള ഗ്രാമ വികസന വകുപ്പിൻറെ നിർദ്ദേശത്തിന് കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം. 62,500

കിലോമീറ്റർ റോഡ് നിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകും.

**The Union Cabinet has approved the proposal of the Department of Rural Development for implementation of the fourth phase of the Pradhan Mantri Gram Sadak Yojana. 62,500 km road construction will be financed.**

5. അഞ്ച് സംസ്ഥാനങ്ങളിലെ ധനമന്ത്രിമാർ പങ്കെടുക്കുന്ന കോൺക്ലേവ് ഇന്ന് തിരുവനന്തപുരത്ത് നടക്കും. പതിനാറാം ധനകാര്യ കമ്മീഷനുമായി ബന്ധപ്പെട്ട നിലപാടുകൾ തീരുമാനിക്കുന്നതിനായാണ് യോഗം..

**The conclave will be held today in Thiruvananthapuram in which the finance ministers of five states will participate. The meeting is to decide the positions related to the 16th Finance Commission**

6. ബുഡാപെസ്റ്റിൽ നടക്കുന്ന 45-ാമത് ഫിഡെ ചെസ് ഒളിമ്പ്യാഡിൽ ഇന്ത്യയ്ക്ക് വിജയത്തുടക്കം.

**India wins 45th FIDE Chess Olympiad in Budapest**

****************************

## PM – ASIA PACIFIC CONFERENCE

സിവിൽ വ്യോമയാനം സംബന്ധിച്ച രണ്ടാമത്തെ ഏഷ്യാ-പസഫിക് മന്ത്രിതല സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് പങ്കെടുക്കും. എല്ലാ അംഗരാജ്യങ്ങളും "ഡൽഹി പ്രഖ്യാപനം" അംഗീകരിച്ചതായി ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന ചടങ്ങിൽ പ്രധാനമന്ത്രി പ്രഖ്യാപിക്കും. വ്യോമയാന രംഗത്തെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പുതിയ ഉയരങ്ങളിൽ എത്തിക്കുന്നതിനുള്ള ദീർഘവീക്ഷണത്തോടെയുള്ള മാർഗരേഖയാണ് ഡൽഹി പ്രഖ്യാപനം. ന്യൂഡൽഹിയിൽ നടക്കുന്ന സമ്മേളനം സിവിൽ വ്യോമയാന മന്ത്രി റാംമോഹൻ നായിഡു ഇന്നലെ ഉദ്ഘാടനം ചെയ്തു. 2035-ഓടെ പ്രതിവർഷം 350 കോടി യാത്രക്കാരെ ഉൾക്കൊള്ളുന്നതിന് അടിസ്ഥാന

സൗകര്യങ്ങളിൽ നിക്ഷേപം നടത്തണമെന്ന് അദ്ദേഹം അംഗരാജ്യങ്ങളോട് ആഹ്വാനം ചെയ്തു.

****************************

## JAISHANKAR – SWITZERLAND

രണ്ട് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി വിദേശകാര്യമന്ത്രി എസ് ജയ് ശങ്കർ ഇന്ന് സ്വിറ്റ്സർലൻഡിലെത്തും. ഇന്ത്യയുമായി സജീവമായി ഇടപെടുന്ന അന്താരാഷ്ട്ര സംഘടനകളുടെ മേധാവികളുമായും പ്രതിനിധികളുമായും ജനീവയിൽ അദ്ദേഹം കൂടിക്കാഴ്ച നടത്തും. ഉഭയകക്ഷി ബന്ധം അവലോകനം ചെയ്യുന്നതിന് അദ്ദേഹം സ്വിസ് വിദേശകാര്യ മന്ത്രിയുമായും ചർച്ച നടത്തും. സൗദി അറേബ്യ, ജർമ്മനി എന്നീ രാജ്യങ്ങൾ സന്ദർശിച്ച ശേഷമാണ് ശ്രീ.ജയ് ശങ്കർ സ്വിറ്റ്സർലണ്ടിൽ എത്തുന്നത്. ത്രിരാഷ്ട്ര സന്ദർശനത്തിൻ്റെ മൂന്നാമത്തേതും അവസാനത്തെയും ഘട്ടമാണിത്. ഇന്നലെ ജർമൻ ചാൻസലർ ഒലാഫ് ഷോൾസുമായി ചർച്ച നടത്തിയ ശ്രീ എസ് ജയ് ശങ്കർ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആശംസയും അറിയിച്ചു.

****************************

## ABPMJAY

ആയുഷ്മാൻ ഭാരത് പി എം ജൻ ആരോഗ്യ യോജനയ്ക്ക് കീഴിൽ 70 വയസിന് മേൽ പ്രായമുള്ള എല്ലാവർക്കും ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം. ഗുണഭോക്താക്കളുടെ വരുമാനം പരിഗണിക്കാതെയാണിത്. അഞ്ച് ലക്ഷം രൂപയുടെ സൗജന്യ ചികിത്സയാണ് മുതിർന്ന പൗരൻമാർക്ക് ഇതുവഴി ലഭിക്കുന്നത്. ഇതിലൂടെ ആറ് കോടി മുതിർന്ന പൗരന്മാർക്ക് ഗുണമുണ്ടാകും. രാജ്യത്തെ 4.5 കോടി കുടുംബങ്ങൾക്ക് ഇതിന്റെ ഗുണം ലഭിക്കുമെന്ന് കേന്ദ്രമന്ത്രി അശ്വനി വൈഷ്ണവ് ഡൽഹിയിൽ വാർത്താസമ്മേളനത്തിൽ അറിയിച്ചു. അർഹരായവർക്ക്

ആയുഷ്മാൻ ഭാരത് പി എം ജൻ ആരോഗ്യ യോജനയുടെ പുതിയ കാർഡ് ലഭിക്കും. നിലവിൽ പദ്ധതിയിൽ അംഗമായവർക്ക് അഞ്ച് ലക്ഷം രൂപയുടെ വരെ സൗജന്യ ചികിത്സ ലഭിക്കും.

****************************

## CABINET- PMGSY- IV

2024-25 സാമ്പത്തിക വർഷം മുതൽ 2028-29 സാമ്പത്തിക വർഷം വരെയുള്ള പ്രധാനമന്ത്രി ഗ്രാം സടക് യോജന നാലാംഘട്ട നടത്തിപ്പിനുള്ള ഗ്രാമ വികസന വകുപ്പിൻറെ നിർദ്ദേശത്തിന് കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി. 70, 125 കോടി രൂപയാണ് പദ്ധതിക്കായി ആകെ നീക്കി വച്ചിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി 62,500 കിലോമീറ്റർ റോഡ് നിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകുമെന്നും ഇത് 25,000 ഇടങ്ങളെ പരസ്പരം ബന്ധിപ്പിക്കുമെന്നും കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു. 40 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുമെന്നും ശ്രീ വൈഷ്ണവ് പറഞ്ഞു.

****************************

## CABINET- MISSION MAUSAM

കാലാവസ്ഥാ വ്യതിയാനം കുറയ്ക്കുന്നതിനുള്ള മിഷൻ മോസം പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. 2,000 കോടി രൂപയാണ് അടുത്ത രണ്ടു വർഷത്തേക്ക് ഇതിനായി നീക്കിവച്ചിട്ടുള്ളത്. ഭൗമശാസ്ത്ര മന്ത്രാലയം നടപ്പാക്കുന്ന മിഷൻ മോസം പദ്ധതി രാജ്യത്തെ കാലാവസ്ഥയുമായി ബന്ധപ്പെട്ട ഗവേഷണം ശക്തമാക്കുകയും മികച്ച സേവനം പ്രാപ്യമാക്കുകയും ചെയ്യുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ പറഞ്ഞു. പുതുതലമുറ റഡാറുകൾ, സാറ്റലൈറ്റ് സംവിധാനങ്ങൾ, സെൻസറുകൾ തുടങ്ങി പുത്തൻ സാങ്കേതിക വിദ്യകൾ പദ്ധതിയുടെ ഭാഗമായി വിന്യസിക്കും. കാർഷികം, ദുരന്ത പ്രതികരണം, പ്രതിരോധം, പരിസ്ഥിതി, വ്യോമയാനം, ജലവിഭവം, ഊർജം, ടൂറിസം, ഷിപ്പിങ്, ഗതാഗതം ആരോഗ്യം തുടങ്ങി വിവിധ മേഖലകളിൽ പദ്ധതി പ്രയോജനപ്പെടും.

****************************

## CABINET- PM-e BUS

പൊതുഗതാഗത സ്ഥാപനങ്ങൾക്ക് ഇ-ബസുകൾ വാങ്ങുന്നതിനും പ്രവർത്തിപ്പിക്കുന്നതിനുമായി പി എം ഇ-ബസ് സേവ പേയ്മെൻറ് സെക്യൂരിറ്റി മെക്കാനിസം പദ്ധതിക്ക് കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം. 2024-25 മുതൽ 2028-29 വരെ കാലയളവിൽ 38,000 ഇലക്ട്രിക് ബസുകൾ പുറത്തിറക്കാൻ ഇതിലൂടെ കഴിയുമെന്ന് മന്ത്രി അശ്വനി വൈഷ്ണവ് പറഞ്ഞു. സ്വകാര്യ മേഖലയുടെ പങ്കാളിത്തവും പദ്ധതി ഉറപ്പുവരുത്തും. ഹരിത ഗൃഹവാതകം പുറന്തള്ളുന്നതും കുറയും.

****************************

## NT CABINET HYDROPOWER- PM E-DRIVE

ജലവൈദ്യുത പദ്ധതികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള സാമ്പത്തിക സഹായ പദ്ധതിയിൽ കാതലായ മാറ്റം വരുത്താൻ കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി. 200 മെഗാവാട്ട് വരെ ശേഷിയുള്ള ജലവൈദ്യുത പദ്ധതികൾക്ക്, മെഗാവാട്ടിന് ഒരു കോടി രൂപയും , 200 മെഗാവാട്ടിന് മുകളിലുള്ളവയ്ക്ക് , മെഗാവാട്ട് ഒന്നിന് 75 ലക്ഷം രൂപ അധിക സഹായവും നൽകും . കേന്ദ്ര മന്ത്രിസഭാ യോഗത്തിന് ശേഷം കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് ആണ് ഇക്കാര്യം അറിയിച്ചത് . നൂതന വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യമിട്ടുള്ള പിഎം ഇലക്ട്രിക് ഡ്രൈവ് റെവല്യൂഷൻ പദ്ധതിക്കും കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി.

****************************

## CONCLAVE

അഞ്ച് സംസ്ഥാനങ്ങളിലെ ധനമന്ത്രിമാർ പങ്കെടുക്കുന്ന കോൺക്ലേവ് ഇന്ന് തിരുവനന്തപുരത്ത് നടക്കും. പതിനാറാം ധനകാര്യ കമ്മീഷനുമായി ബന്ധപ്പെട്ട നിലപാടുകൾ തീരുമാനിക്കുന്നതിനായാണ് യോഗം. കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ധനകാര്യ മന്ത്രി കെ.എൻ.ബാലഗോപാൽ അധ്യക്ഷനാകും. തെലങ്കാന, കർണാടക, പഞ്ചാബ്, തമിഴ്നാട് സംസ്ഥാനങ്ങളിലെ മന്ത്രിമാർ പങ്കെടുക്കും. പ്രതിപക്ഷ നേതാവ് വി ഡി സതീശൻ, കേന്ദ്ര സർക്കാരിൻറെ മുൻ സാമ്പത്തിക ഉപദേഷ്ടാവ് ഡോ. അരവിന്ദ് സുബ്രഹ്മണ്യൻ, മുൻ മന്ത്രി ടി എം തോമസ് ഐസക്, കേരള സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ പ്രൊഫ. വി കെ രാമചന്ദ്രൻ തുടങ്ങിയവർ വിശിഷ്ടാതിഥികളാകും.

***************************

## TARANG SHAKTI..INTRO

രാജസ്ഥാനിലെ ജോധ്പൂരിൽ ഇന്ത്യ പ്രതിരോധ വ്യോമയാന പ്രദർശനം ഐഡാക്സ്-24 രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് ഇന്ന് ഉദ്ഘാടനം ചെയ്യും. **ഒരു റിപ്പോർട്ട്.....**

(വോയ്സ്)

*ബഹുരാഷ്ട്ര വ്യോമാഭ്യാസം തരംഗ് ശക്തി, ജോധ്പൂരിൽ സംഘടിപ്പിക്കുന്നതിൻറെ ഭാഗമായാണ് ഐഡാക്സ്-24 ഉം സംഘടിപ്പിക്കുന്നത്. ഇന്ന് മുതൽ 14-ാം തീയതി വരെയാണ് ഐഡാക്സ് 24 പ്രദർശനം. ഇന്ത്യൻ വ്യോമയാന വ്യവസായ രംഗത്തെ പ്രമുഖ സ്ഥാപനങ്ങൾ പ്രദർശനത്തിൽ പങ്കെടുക്കും. പുത്തൻ സാങ്കേതിക വിദ്യകളും ഉത്പന്നങ്ങളും പരിചയപ്പെടാൻ പ്രദർശനം അവസരമൊരുക്കും. പ്രതിരോധ ഗവേഷണ വികസന സംഘടന ഉൾപ്പെടെ സ്ഥാപനങ്ങൾ പങ്കെടുക്കുന്നുണ്ട്. ഇന്ത്യൻ വ്യോമയാന മേഖലയിലെ തദ്ദേശീയ നൈപുണ്യം തരംഗശക്തി 2024 ൽ പങ്കെടുക്കുന്ന രാജ്യങ്ങളിലെ*

*വിദഗ്ദ്ധർക്ക് മുന്നിൽ തുറന്ന് കാട്ടാൻ പ്രദർശനം അവസരമൊരുക്കും.* **ന്യൂസ് ഡസ്ക്, ആകാശവാണി.**

***************************

## SITARAM YECHURY

സി പി എം ജനറൽ സെക്രട്ടറി സീതാറാം യച്ചൂരിയുടെ ആരോഗ്യ നില ഗുരുതരമായി തുടരുന്നു. ന്യൂഡൽഹി എയിംസിൽ തീവ്രപരിചരണ വിഭാഗത്തിലാണ് അദ്ദേഹം ചികിത്സയിലുള്ളത്. ഓക്സിജൻ നൽകുന്നുണ്ട്. ശ്വാസകോശ അണുബാധമൂലമാണ് അദ്ദേഹത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

***************************

## CHESS OLYMPIAD

45-ാമത് ഫിഡെ ചെസ് ഒളിമ്പ്യാഡിന് ഹംഗറിയിലെ ബുഡാപെസ്റ്റിൽ തുടക്കമായി. ആദ്യ ദിനം ഇന്ത്യ മൊറോക്കൊയെ 4-0 ത്തിന് തോൽപ്പിച്ചു. വനിതാവിഭാഗത്തിൽ ഇന്ത്യ ജമൈക്കയെയും പരാജയപ്പെടുത്തി. ആർ പ്രഗ്നാനന്ദ , വിദിത് ഗുജറാത്തി, പെൻറാല ഹരികൃഷ്ണ, അർജുൻ എറിഗസി എന്നിവരാണ് ഇന്ത്യയ്ക്ക് വേണ്ടി ജയം നേടിയത്. വനിതാ വിഭാഗത്തിൽ വൈശാലി, താനിയ സച്ദേവ്, ദിവ്യ ദേശ്മുഖ് എന്നിവർ ജയിച്ചപ്പോൾ വന്തിക അഗർവാൾ സമനില വഴങ്ങി.

***************************

## HOCKEY

ചൈനയിൽ നടക്കുന്ന പുരുഷ- ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി, ഹോക്കി ടൂർണമെൻ്റിലെ നാലാം പൂൾ മത്സരത്തിൽ , നിലവിലെ ചാമ്പ്യന്മാരായ ഇന്ത്യ, ഇന്ന് ദക്ഷിണ കൊറിയയെ നേരിടും. ഉച്ചയ്ക്ക് 1:15 നാണ് മത്സരം. ഇന്നലെ മലേഷ്യയെ ഒന്നിനെതിരെ 8 ഗോളിന് തകർത്ത ഇന്ത്യ ഇതിനകം സെമിഫൈനലിന് യോഗ്യത

നേടി. ഒമ്പത് പോയിൻ്റുമായി പട്ടികയിൽ ഇന്ത്യ ഒന്നാമതാണ്. ഈ മാസം 17നാണ് ഫൈനൽ.

***************************

## WOMENS CRICKET U 19

വനിത അണ്ടർ 19, ടി-20 ഏഷ്യാ കപ്പ് സംഘടിപ്പിക്കുമെന്ന പ്രഖ്യാപനവുമായി ഏഷ്യൻ ക്രിക്കറ്റ് കൗൺസിൽ. മലേഷ്യയിലെ ക്വാലാലംപൂരിൽ ഏഷ്യൻ ക്രിക്കറ്റ് കൗൺസിൽ നിർവാഹക സമിതി യോഗത്തിലാണ് തീരുമാനമുണ്ടായത്. രണ്ട് വർഷത്തിലൊരി ക്കലായിരിക്കും ടൂർണമെൻറ് സംഘടിപ്പിക്കുക.

***************************

## HARYANA - NOMINATIONS

ഹര്യാന നിയമസഭാ തെരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രിക സമർപ്പണം ഇന്നവസാനിക്കും. നാളെയാണ് സൂക്ഷ്മ പരിശോധന. ഈ മാസം 16 വരെ പത്രിക പിൻവലിക്കാം. 90 അംഗ നിയമസഭയിലേക്ക് ഒക്ടോബർ അഞ്ചിനാണ് വോട്ടെടുപ്പ്. ഒക്ടോബർ 8 ന് വോട്ടെണ്ണും.

***************************

## WATER AUTHORITY

തിരുവനന്തപുരം നഗരത്തിൽ ഇന്ന് ജലവിതരണം മുടങ്ങില്ലെന്ന് വാട്ടർ അതോറിറ്റി. പുതിയ ജലവിതരണ ലൈനുകൾ ചാർജ് ചെയ്യാൻ ഇന്ന് നടത്താനിരുന്ന ജോലികൾ സാങ്കേതിക കാരണങ്ങളാൽ മാറ്റിയതിനെതുടർന്നാണിത്.

***************************

## DUBAI AI FESTIVAL

ദുബൈ നിർമ്മിത ബുദ്ധി, വെബ്-3 പരിപാടിക്ക് ഇന്ന് തുടക്കമാകും. 100 രാജ്യങ്ങളിൽ നിന്ന് 6,000 പേരാണ് പരിപാടിയിൽ പങ്കെടുക്കുക. 20 മന്ത്രാലയങ്ങളും സർക്കാർ ഏജൻസികളും ഇതിൻറെ ഭാഗമാകും. ദുബൈയുടെ ഡിജിറ്റൽ സാമ്പത്തിക വ്യവസ്ഥ മെച്ചപ്പെടുത്താനും എ.ഐ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്താനും ലക്ഷ്യമിട്ടാണ് പരിപാടി. ദുബൈ എ.ഐ ക്യാമ്പസിലാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്.

****************************

## ISRAEL-HAMAS CEASEFIRE

യു എസ് നിർദ്ദേശാനുസരണമുള്ള വെടിനിർത്തൽ കരാർ നടപ്പാക്കാൻ സന്നദ്ധത അറിയിച്ച് പാലസ്തീൻ സായുധ വിഭാഗമായ ഹമാസ്. ഖത്തർ, ഈജിപ്റ്റ് മധ്യസ്ഥരുമായി ദോഹയിൽ നടത്തിയ ചർച്ചയിലാണ് ഇക്കാര്യം ഹമാസ് പ്രതിനിധികൾ അറിയിച്ചത്. ഗാസ മുനമ്പിൽ നിന്ന് ഇസ്രായേൽ സൈന്യം പൂർണ്ണമായും പിൻവാങ്ങണമെന്ന് ഹമാസ് ആവശ്യപ്പെട്ടു. ബന്ദികളുടെ മോചനത്തിനായി ഇടനാഴിയിൽ നിന്ന് ആറാഴ്ചത്തേക്ക് പിൻമാറാമെന്ന് നേരത്തെ ഇസ്രായേൽ പ്രതിരോധ മന്ത്രി പറയുകയുണ്ടായി.

**********************************************************************************